KERALA CATHOLIC BISHOPS' COUNCIL'S
BIBLE COMMISSION

PASTORAL ORIENTATION CENTRE
P.B. No. 2251, PALARIVATTOM
Cochin, Kerala, India - 682 025
Ph: 0484 - 2805897
E-mail: secretary@keralabiblesociety.com
www.keralabiblesociety.com

03-12-2023

**110 മണിക്കൂർ രാത്രിയും പകലും അഖണ്ഡ ബൈബിൾ പാരായണം**

കെ.സി.ബി.സി.യുടെ അഖണ്ഡ ബൈബിൾ പാരായണം ഇരിങ്ങാലക്കുടയിലെ തേശേരി ഇടവകയിൽവച്ച് കെ.സി.ബി.സി. വൈസ് ചെയർമാൻ ബിഷപ്പ് പോളി കണ്ണൂക്കാടൻ പിതാവ് ഉദ്ഘാടനം ചെയ്തു. ഡിസംബർ 3 വൈകിട്ട് 7 മണിക്ക് ആരംഭിച്ച് ഡിസംബർ 8 വെള്ളിയാഴ്ച രാവിലെ 7 മണിക്ക് അവസാനിക്കുന്ന രീതിയിലാണ് രാത്രിയും പകലുമായി ബൈബിൾ പാരായണം ക്രമപ്പെടുത്തിയിരിക്കുക.

ഇരിങ്ങാലക്കുട തേശേരിയിലെ 176 കുടുംബങ്ങൾ ബൈബിളിലെ ഒരു ദൈവവചനം പഠിച്ച് ആ വചനം എഴുതിയ വചനബോർഡുകൾകൊ് അഖണ്ഡ പാരായണത്തിന്റെ വേദിയും പരിസരങ്ങളും അലങ്കരിച്ചുവെന്നുള്ളത് വളരെ ശ്രദ്ധേയമാണ്.

ബൈബിൾ പാരായണം കേരളസഭയുടെ നവീകരണ കാലഘട്ടത്തിൽ സമൂഹത്തിന്റെ നന്മയ്ക്കും വളർച്ചയ്ക്കും വഴിതെളിക്കുമെന്ന് ബിഷപ് റവ. ഡോ. പോളി കണ്ണൂക്കാടൻ ഉത്പത്തി പുസ്തകത്തിന്റെ ആദ്യത്തെ അധ്യായം വായിച്ചുകൊ് അറിയിച്ചു. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ളവരും, ഇരിങ്ങാലക്കുട രൂപതയിലെ ബൈബിൾ കമ്മീഷൻ കോ-ഓർഡിനേറ്റേഴ്സും, തേശേരിയിലെ 176 കുടുംബങ്ങളും, ഡിവൈൻ മേഴ്സി ആഗോള വചന ഫാമിലിയും രാത്രിയും പകലുമായി നീുനില്ക്കുന്ന വചനപാരായണത്തിൽ പങ്കെടുക്കും.

ഇരിങ്ങാലക്കുട, തേശേരി ഇടവക ബൈബിൾ ഉത്സവമായി ഇടവകയിലും കുടുംബങ്ങളിലും ഏറ്റെടുത്തു കഴിഞ്ഞിരിക്കുന്നുവെന്ന് ഇടവക വികാരി ഫാ. ഡിബിൻ ഐനിക്കൽ അറിയിച്ചു. ഇരിങ്ങാലക്കുട രൂപത മുഴുവനും ഈ പാരായണദിനങ്ങളിൽ സന്തോഷിക്കുന്നുവെന്നും, ദൈവവചനത്തിലൂടെ മാത്രമാണ് സമൂഹത്തെ കൂടുതൽ സ്നേഹത്തിലേക്ക് കൊുവരാൻ കഴിയൂ എന്ന് ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. സീമോൻ കാഞ്ഞുതറ തന്റെ ആശംസ പ്രസംഗത്തിൽ അറിയിച്ചു. ഈ അഖണ്ഡപാരായണം 110 മണക്കൂറും രാത്രിയും പകലും ഓൺലൈനായി സംപ്രേഷണം ചെയ്യുന്നുെന്നും, ആഗോളതലത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ളവർ ഓൺലൈനായി പങ്കുചേരുന്നുന്നെും ഡിവൈൻ മേഴ്സി ആഗോള ഫാമിലി കോ-ഓർഡിനേറ്റർ ശ്രീ. ബൈജു അറിയിച്ചു.

കേരളസഭയുടെ നവീകരണവർഷത്തിൽ 110 മണിക്കൂർ നീുനിൽക്കുന്ന ബൈബിൾ പാരായണ യജ്ഞങ്ങൾ കൂടുതലായി നടത്തപ്പെടുന്നത് സമൂഹത്തിൽ ദൈവികചിന്തയും ദൈവനന്മയും വളർത്തുന്നതിന് ഉപകരിക്കുമെന്ന് ജനറൽ കൺവീനറായിരിക്കുന്ന കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ.ജോജു കോക്കാട്ടും തന്റെ ആമുഖ പ്രസംഗത്തിൽ പ്രസ്താവിച്ചു. ഉദ്ഘാടന യോഗത്തിൽ ഫാ. അനൂബ്, ഫാ. ജെയിൻ, സി. ഇസബെല്ല ഐഡ, സി. ട്രീസ, കൈക്കാരന്മാർ, കുടുംബ സമ്മേളനകേന്ദ്രസമിതി, യുവജന പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

ഡോ. ജോജു കോക്കാട്ട്
സെക്രട്ടറി, K.C.B.C ബൈബിൾ കമ്മീഷൻ
പി.ഒ.സി, പാലാരിവട്ടം